## 938

വരുമൊരുനാൾ പ്രാണപ്രിയൻ ദുരിതങ്ങളഖിലം തീർത്തിടുവാൻ

1 ലോകത്തിൽ തിങ്ങും ക്ലേശങ്ങളകറ്റി
മേഘത്തിലെന്നെ ചേർത്തിടും ഒരുനാൾ
അകമതിലതിനാൽ സംഗീതം പാടി
ലോകത്തിലനുദിനം വസിക്കും ഞാൻ സുഖമായ്-

2 രോഗങ്ങൾ ശോകങ്ങൾ ആകുലം വ്യാകുലം
ആകവേ തിങ്ങി ഭാരപ്പെടുമ്പോൾ
കണ്ണീർ തുടയ്ക്കും കൈകളാൽ താങ്ങി
ലോകത്തിലനുദിനം നടത്തിടും നാഥൻ-

3 കാഹളം മുഴങ്ങും മരിച്ചോരുയിർക്കും
മരണവും മാറി ഞാൻ ജീവനിൽ വാഴും
അഴിയുമെൻ ദേഹം പുഴു തിന്നാലും
അഴിയാമഹത്ത്വത്തിൻ തേജസ്സിൽ വാഴും-

**P.T.**